# അദ്ധ്യായം -11

ഏഴാം കാഹളം ഊതുന്നതിന് മുൻപുള്ള രണ്ടാമത്തെ സംഭവമാണ് ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

യോഹന്നാന് ലഭിച്ച നിർദ്ദേശങ്ങൾ - വെളി- (11:1-2)

(പഴയ നിയമത്തിൽ അളവിന്റെ ചില ചിത്രങ്ങൾ യെഹ (40:3,6)സെഖ : (2:1) ആമോ(7:7-9)

രണ്ട് ആവശ്യങ്ങൾക്കായി അളവ് നടക്കുന്നു.

(1) പുതിയത് പണിവാനും, പഴയത് പുതുക്കാനും

(2) നശിപ്പിക്കുവാൻ വേണ്ടിയും അളവുപയോഗിക്കുന്നു.(ആമോസ്.7.7-9)

ദൈവം നമ്മുടെ ജീവിതങ്ങളെയും അളന്നും തൂക്കിയും നോക്കുന്നവനാണ്. ദാനി (5:27) ഉദാഹരണം: പത്രോസിനെ നോക്കി -ലൂക്കോ (22.61) കർത്താവ് തന്റെ "നോട്ടത്തിൽ" അവനെ പുതുക്കിപണിതു. എന്നാൽ 'സക്കായി'യെ എന്ന ഒരു വിളിയിൽ യേശു ചുങ്കക്കാരനെ അബ്രഹാമിന്റെ സന്തതിയാക്കി മാറ്റി. നമ്മെ പണിതെടുക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. തയാറാണോ

**[വചനത്തിൽ -പണിയുകയും നശിപ്പിക്കുകയും ചെയ്ത ദേവാലയങ്ങൾ]**

1 ) ശലോമോൻ പണിതു-നെബുഖദ്നസേർ നശിപ്പിച്ചു

(1 രാജ (6:12) (11:11) 2 രാജ (25:4), (15:7-9))

(2) പേർഷ്യൻ രാജാവായ കോരശിന്റെ കല്പനയാൽ സെരുബാബേലിന്റെ നേതൃത്വത്തിൽ പണിത ദേവാലയം- എസ്രാ (3:4-13)

ബിസി 168-ൽ അന്തിയോക്കസ് ഈ ദേവാലയത്തിൽ പന്നിച്ചോര ഒഴിച്ച് അശുദ്ധമാക്കി മക്കാബ്യർ ദേവാലയം പിടിച്ചെടുത്തു, പുനപ്രതിഷ്ഠയും നടന്നു.

(3) നാല്പത്തിയാറു വർഷം കൊണ്ട് യഹുദരാജാവായിരുന്ന ഹേരോദാവ് മനോഹരമായി പ്രസ്തുത ദേവാലയം പുതുക്കി പണിതു. ഈ ദേവാലയം നോക്കി യേശു പറഞ്ഞതും, യഹുദൻമാരുടെ മറുപടിയും അറിവാൻ വായിക്കുക യോഹ (2:19,20)

എ.ഡി. 70-ൽ റോമൻ ചക്രവർത്തിയായിരുന്ന തീത്തൂസ് കൈസർ ഈ ആലയം കല്ലിൻമേൽ കല്ല് ശേഷിപ്പിക്കാതെ ഇടിച്ചുകളഞ്ഞു അതായത് ദൂതൻ ആലയം അളക്കുവാൻ ആവശ്യപ്പെടുമ്പോൾ ദേവാലയമില്ല കാരണം- ഒരു പ്രത്യേകസത്യം നാം അറിയേണ്ടതാണ്. അതായത് ദൈവത്തിന്റെ രണ്ട് ദേവാലയങ്ങൾ ഭൂമിയിൽ പാടില്ല. ദൈവത്തിന്റെ ആലയമായ ദൈവസഭ ഭൂമിയിൽ നിന്ന് എടുക്കപ്പെട്ട ശേഷമേ മറ്റൊരാലയം ഭൂമിയിൽ പണിയുവാൻ കഴിയു. ജാതികൾ

ചവിട്ടുന്നതാകയാൽ ഈ ആലയം ഭൂമിയിൽ തന്നെ ഉള്ളതാണ്. നാല്പത്തിരണ്ട് മാസം അഥവാ ആയിരത്തി ഇരുനൂറ്റി അറുപതു ദിവസം ചവിട്ടുന്നതും, യോഹന്നാനോട് അളക്കവാനാവശ്യപ്പെട്ടതുമായ ദേവാലയം ഏത്.

യു.എൻ.ഒ യിലുള്ള പത്തുരാജ്യങ്ങൾ സംഘടിക്കും. എന്നാൽ ശക്തിമാനായ ഒരുവൻ (സിറിയയിൽ നിന്നുമാകാം) മൂന്ന് രാജ്യങ്ങളെ തോല്പിച്ച്, ഏഴ് പേരോട് സഖ്യതകൂടും. ഏഴ് കൊല്ലത്തേക്കുള്ള ഉടമ്പടിയിൽ (ദാനി 9:27) ദേവാലയം പണിയും. ഉടമ്പടിയുടെ മദ്ധ്യത്തിൽ കരാർ തെറ്റിച്ച എതിർ ക്രിസ്തു തന്റെ ബിബം ദേവാലയത്തിൽ വയ്ക്കും (ദാനി 8:11), ദാനി(12:11) അതുമുതലുള്ള 42 മാസങ്ങൾ ജാതികൾ യെരുശലേം ചവിട്ടുന്ന കാലമായിരിക്കും. തുടർന്ന് യാഗങ്ങൾ അർപ്പിക്കാതിരിപ്പാൻ ദേവാലയവും നശിപ്പിക്കും

**രണ്ട് സാക്ഷികളുടെ പ്രത്യേക്ഷതയും,ശുശ്രൂഷയും അന്ത്യവുമാണ് മൂന്നാമത്തെ സംഭവം**

**(വായിക്കുക-വെളി (11.3-12)**

ഈ രണ്ട് സാക്ഷികളെ പറ്റി പല അഭിപ്രായങ്ങൾ ഉണ്ടെങ്കിലും തിരുവെഴുത്ത് അവരെക്കുറിച്ച് എന്ത്പറയുന്നു എന്നറിവാൻ വെളി.(11:3-12) വരെ വായിക്കുക

ഈ രണ്ട് സാക്ഷികകൾ മനുഷ്യരാണ് അവർ രട്ട് (sackcloth) ധരിച്ചവരാണ്. ഒലിവുമലയിൽ പ്രത്യക്ഷപ്പെട്ട പുരുഷൻമാർ രണ്ടുപേരും തന്നെയാണ് ഇവിടെ പറഞ്ഞിരിക്കുന്നവർ. ഈ രണ്ട് ഒലിവുവൃക്ഷങ്ങളെക്കുറിച്ച് സെഖ.(4:11-14) വരെയുള്ള ഭാഗങ്ങളിൽ കാണാം. ഈ സാക്ഷികൾ ക്രിസ്തുവിന് മുമ്പ് ജീവിച്ചിരുന്നവരും സ്വർഗ്ഗത്തിൽ ഇപ്പോഴുള്ള രണ്ട് അഭിഷക്തൻമാരുമാണ്. മുകളിൽ പറഞ്ഞിരിക്കുന്ന സംഭവങ്ങളിൽ നിന്നും ഇവർ "മോശയും, ഏലിയാവുമാണെന്ന് നിശ്ചയിക്കാം".

ഇവരുടെ ശത്രുക്കൾക്ക് വരുന്ന അനർത്ഥം –വാക്യം 5 അവരുടെ സാക്ഷ്യം തികെച്ചപ്പോൾ നടന്ന സംഭവങ്ങൾ - വെളി 11.7-10

മൂന്നരദിവസം തെരുവിൽകിടന്ന ജീവനില്ലാത്ത ശരീരങ്ങൾക്ക് എന്തുസംഭവിച്ചു എന്നും, തുടർന്ന് പ്രകൃതിയിലുണ്ടായ അനർത്ഥങ്ങളും ജനത്തിന് സംഭവിച്ചതും എന്ത്?

- വെളി 11:11-13

**മൂന്നാം കഷ്ടത്തിന്റെ പ്രഖ്യാപനം-തുടർന്ന് ഏഴാം കാഹളം ഊതുന്നു.(വെളി.11.14.18)**

ഏഴാം കാഹളനാദകാലം ഒരു പ്രത്യേക കാലഘട്ടമെന്ന് വെളി.(10.6)ൽ കാണാം

(1) കർത്താവിന്റെ വാഴ്ചയുടെ പ്രഖ്യാപനം സ്വർഗ്ഗത്തിൽ- വാക്യം 15

(മുൻപ്രവചനങ്ങൾ നിവർത്തിയാകും ദാനി. (2:44,45) (7:13,14) ലൂക്കോ (1:32,33)

(2) ഇരുപത്തി നാലു മൂപ്പൻമാരുടെ ദൈവത്തെ നമസ്ക്കരിച്ച് പറഞ്ഞത്-വെളി. 11:16,17

(3) ജാതികൾ കോപിച്ചു (വാക്യം 18)ശ്രദ്ധിക്കുക

ഇത് മഹോപദ്രവകാലത്തെ കാണിക്കുന്നു.

(4) ദൈവക്രോധം വന്നു- മഹാപീഢനകാലത്ത് സംഭവിക്കുന്നു

(5) മരിച്ചവരെ ന്യായം വിധിക്കുന്ന-അന്ത്യന്യായവിധിയെ കാണിക്കുന്നു.

(6) പ്രതിഫലം കൊടുപ്പാനുള്ള കാലം

(7) ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കുന്ന കാലം ie; ദൈവസൃഷ്ടികളെ നശിപ്പിക്കുന്നവരെ ദൈവം നശിപ്പിക്കും

**"<u>സ്വർഗ്ഗീയ ദേവാലയം</u>" <u>തുറക്കപ്പെടുന്നു.</u>**

കൂടാതെ അനന്തരഫലങ്ങളും മനസ്സിലാക്കുവാൻ- വെളി(11.19)

ദൈവത്തിന്റെ സഭയാകുന്ന ആലയത്തെ നശിപ്പിക്കുവാൻ ആർക്കും കഴിയുകയില്ല. സഭയോടുള്ള ദൈവീക വാഗ്ദത്തങ്ങൾ യാതൊന്നും ഒഴിഞ്ഞു മാറിപ്പോകുകയില്ല, എന്നുള്ള ആത്മീയ പാഠങ്ങൽ ഈ വാക്യത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.